കേരള കാർഷിക സർവകലാശാല
**മെയിൻ ക്യാമ്പസ്, വെള്ളാനിക്കര,** തൃശ്ശൂർ – **680656**

Phone : 0487 2438131
0487 2438134
E-mail : diracad@kau.in,
hqracadprof@kau.in
ce@kau.in
Website : www.kau.in

**നമ്പർ : അക്കാഡമിക് /ഡി/2019/101/16514(1)** **തീയതി:- 14.10.2019**

**ക്വട്ടേഷൻ അറിയിപ്പ്**

കേരള കാർഷിക സർവ്വകലാശാലയുടെ കേന്ദ്രീകൃത ഉത്തര കടലാസ് മൂല്യ നിർണ്ണയം 21.10.2019 (തിങ്കളാഴ്ച) മുതൽ 02.11.2019 (ശനിയാഴ്ച) വരെ വെള്ളാനിക്കര ഭരണകാര്യാലയത്തിന് ഏറ്റവും മുകൾ നിലയിൽ ഉള്ള അക്കാഡമിക് ഹാളിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ മൂല്യ നിർണ്ണയ ക്യാമ്പിൽ പങ്കെടുക്കുന്ന അദ്ധ്യാപകർക്കും അനുബന്ധ ഉദ്യോഗസ്ഥർക്കും മേൽ ദിവസങ്ങളിൽ ഉച്ച ഭക്ഷണം നൽകുന്നതിന് താഴെ പറയുന്ന നിബന്ധനകൾക്ക് അനുസൃതമായി മുദ്ര വെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

| **ക്രമ നമ്പർ** | **നൽകേണ്ട ഇനം** | **വിവരണം** | **നിരക്ക് (ഒന്നിന്)** |
|---|---|---|---|
| 1 | ഊണ്/ ബിരിയാണി **(ആവശ്യാനുസരണം ഏതെങ്കിലും ഒന്ന് ദിവസേന)** | ചോറ്, സാമ്പാർ, തോരൻ, അച്ചാർ, പപ്പടം, ചിക്കൻ ഫ്രൈ/ മീൻ വറുത്തത്, പായസം/ഐസ് ക്രീം.<br>**അല്ലെങ്കിൽ**<br>**ഊണിന് പകരം ഒന്നിടവിട്ട ദിവസങ്ങളിൽ ആവശ്യപ്പെടുന്നതിന് അനുസരിച്ച്**<br>ബിരിയാണി റൈസ്, ചിക്കൻ/ ചില്ലി ഗോബി, പായസം/ ഐസ് ക്രീം | |

**നിബന്ധനകൾ**

- ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി ഭക്ഷണ സാധനങ്ങൾ ഭരണ കാര്യാലയത്തിന് ഏറ്റവും മുകൾ നിലയിൽ ഉള്ള മൂല്യ നിർണ്ണയ ക്യാമ്പിൽ കൊണ്ടുവന്ന് വിളമ്പി കൊടുക്കേണ്ടതാണ്.
- വിളമ്പുന്നതിനാവശ്യമായ പ്ലെയ്റ്റ്, ഗ്ലാസ്സ്, എന്നിവയും കുടിക്കുവാനുള്ള വെള്ളവുംകരാറുകാരൻ കൊണ്ട് വരേണ്ടതാണ്. പേപ്പർ പ്ലേറ്റ് ഒഴിവാക്കേണ്ടതാണ് .
- പഴകിയതോ കേട് വന്നതോ ആയ ഭക്ഷണ സാധനങ്ങൾ നൽകരുത്. ഗുണമേന്മയുള്ള സാധനങ്ങൾ ഉപയോഗിച്ചായിരിക്കണം ഭക്ഷണം തയ്യാറാക്കേണ്ടത്.
- മീൻ, ഇറച്ചി ഒഴികെ ഊണിനുള്ള വിഭവങ്ങൾ ആവശ്യാനുസരണം കൊടുക്കേണ്ടതാണ്.
- ഉച്ച ഭക്ഷണം എല്ലാ ദിവസവും ഉച്ചക്ക് 12 .30 ന് എത്തിക്കേണ്ടതാണ് .
- നിരക്ക് എന്നതിൽ മേൽ ഐറ്റങ്ങൾ ഉൾപ്പെടെ ഊണ്/ ബിരിയാണി ഒരെണ്ണത്തിന് ഉള്ള നിരക്കാണ് സൂചിപ്പിക്കേണ്ടത് .

മുദ്ര വെച്ച ക്വട്ടേഷനുകൾ **19.10.2019 (ശനിയാഴ്ച)** ഉച്ച തിരിഞ്ഞു 2.00 മണിക്ക് മുമ്പായി താഴെ പറയുന്ന മേൽ വിലാസത്തിൽ ലഭിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേ ദിവസം ഉച്ച തിരിഞ്ഞു 2.30 മണിക്ക് തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയവർക്ക് ഉറപ്പിച്ചു നല്കുന്നതുമാണ്. സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ എല്ലാ നിബന്ധനകളും ഇതിനും ബാധകമായിരിക്കും. ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം മോശമാണ് എന്ന് കണ്ടാൽ കാരണം കാണിക്കാതെ തന്നെ ക്വട്ടേഷൻ ഉത്തരവ് പിൻവലിക്കുന്നതാണ്. ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് പ്രൊഫസർ (അക്കാഡമിക്) നേയോ പരീക്ഷ കൺട്രോളറേയോ ബന്ധപ്പെടേണ്ടതാണ്. ഫോൺ :- 0487 -2438134/8106.

**ഒപ്പ്**
**ഡയറക്ടർ (അക്കാഡമിക് & പി.ജി.സ്റ്റഡീസ് )**

**പകർപ്പ്**

1. നോട്ടീസ് ബോർഡ്, എസ്റ്റേറ്റ് ഓഫിസ്. വെള്ളാനിക്കര.
2. നോട്ടീസ് ബോർഡ്, കോളേജ് ഓഫ് ഹോർട്ടികൾച്ചർ
3. നോട്ടീസ് ബോർഡ്, കെ.എ.യു ഹെഡ് ക്വാർട്ടേഴ്സ്, വെള്ളാനിക്കര.
4. സർവകലാശാല വെബ്സൈറ്റ്
5. കെ എ യു കാന്റീൻ നോട്ടീസ് ബോർഡ്, വെള്ളാനിക്കര